**No. CEE/3600/KEAM-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ജൂൺ 24 ഉച്ചക്ക് 2 മണി വരെ ദീർഘിപ്പിച്ചു

2021–22 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, കോഴ്സുകളിലേക്കും, എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.എം.എസ്, ബി.യു.എം.എസ് എന്നീ മെഡിക്കൽ കോഴ്സുകളിലേയക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് തുടങ്ങിയ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കും പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകൾ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാനുള്ള അവസാന തീയതി **2021 ജൂൺ 21–ൽ നിന്നും 2021 ജൂൺ 24 ഉച്ചക്ക് 2.00 മണി വരെയായി ദീർഘിപ്പിച്ചു**. ജനനത്തീയതി, നേറ്റിവിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ ഒഴികെയുള്ളവ **2021 ജൂൺ 30** വരെ സമർപ്പിക്കാവുന്നതാണ്. **National Testing Agency (NTA)** നടത്തുന്ന **NEET-UG 2021** പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികളിൽ, കേരളത്തിലെ മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവരും, കൗൺസൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) പരീക്ഷയ്ക്ക് നിശ്ചിത യോഗ്യത നേടുന്ന വിദ്യാർത്ഥികളിൽ കേരളത്തിലെ ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവരും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **2021 ജൂൺ 24 ഉച്ചക്ക് 2.00 മണിക്കകം** അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാർത്ഥികൾ അപേക്ഷ സമർപ്പിച്ചശേഷം ലഭിക്കുന്ന ആപ്ലിക്കേഷൻ അക്നോളജ്മെന്റ് പേജിന്റെ പ്രിന്റൗട്ട് സൂക്ഷിക്കേണ്ടതാണ്.

**അപേക്ഷ സമർപ്പിച്ചവരുടെ പ്രൊഫൈൽ വിവരങ്ങളും അപേക്ഷയിൽ അപാകതകൾ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ ' KEAM 2021 Candidate Portal'എന്ന ലിങ്കിൽ ലഭ്യമാകുന്നതാണ്. അപേക്ഷയിൽ അപാകതകൾ ഉള്ള പക്ഷം അവ നിശ്ചിത തീയതിയ്ക്കകം പരിഹരിക്കേണ്ടതാണ്. പോർട്ടൽ ലഭ്യമാകുന്ന തീയതി വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതാണ്. പ്രവേശന പരീക്ഷയേയും ബന്ധപ്പെട്ട വിഷയങ്ങളെയും സംബന്ധിച്ച് ആധികാരികമായ വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് അപേക്ഷകർ നിരന്തരം സന്ദർശിക്കേണ്ടതാണ്.**

ഹെൽപ് ലൈൻ നമ്പർ : 0471 - 2525300

Sd/-

തിരുവനന്തപുരം
21.06.2021

പ്രവേശന പരീക്ഷാ കമ്മീഷണർ